## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 301 15.12.2014-ൽ മറുപടിയ്ക്ക്

### വനശ്രീ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>" ജോസഫ് വാഴയ്ക്കൻ<br>" അൻവർ സാദത്ത്<br>" വി.പി.സജീന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനശ്രീ യൂണിറ്റുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | എ) വനങ്ങളിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന തടിയേതര വന വിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തി ലഭിക്കുന്ന അധിക വരുമാനത്തിലൂടെ വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുകയാണ് വനശ്രീ യൂണിറ്റുകളുടെ ഉദ്ദേശ്യ ലക്ഷ്യം. തടിയേതര വന വിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ നിർവഹിക്കുന്നതിന് പങ്കാളിത്ത വന പരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വന പ്രദേശത്തെ തടിയേതര വനവിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക, സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, വിപണന സൗകര്യങ്ങൾ ഒരുക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ മേൽ ലക്ഷ്യം നിറവേറ്റുന്നു. |
| ബി) എന്തെല്ലാം സാധനങ്ങളാണ് പ്രസ്തുത യൂണിറ്റുകൾ വഴി വിൽക്കപ്പെടുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) വനത്തിൽ നിന്ന് ശേഖരിച്ച് ശുദ്ധി ചെയ്ത് മൂല്യവർദ്ധനവ് വരുത്തിയ തേൻ, കസ്തൂരി മഞ്ഞൾ, കുന്തിരിക്കം, ഇഞ്ച, കുരുമുളക്, ഏലം, കുടംപുളി, , രാമച്ചം, മുളയരി, കല്ലൂർ വഞ്ചി, കരിങ്ങാലി എന്നീ വിഭവങ്ങളും വനാശ്രിത സമൂഹം തയ്യാറാക്കുന്ന പുൽത്തൈലം, യൂക്കാലി |

തൈലം, പെയിൻ ബാം, ദന്തപ്പാല എണ്ണ, തേൻ, നെല്ലിയ്ക്ക തുടങ്ങിയവയും മറയൂർ ശർക്കര, ശബരീജലം കേരള വന വികസന കോർപ്പറേഷൻ തയ്യാറാക്കുന്ന ചന്ദനതൈലം, ചന്ദന തടി കഷണം എന്നിവയുമാണ് വനശ്രീ യൂണിറ്റുകൾ വഴി വിപണനം നടത്തുന്ന പ്രധാന ഇനങ്ങൾ. കൂടാതെ ഔഷധിയുമായി ചേർന്ന് ആയുർവേദ ഉൽപ്പന്നങ്ങളും വനശ്രീ യൂണിറ്റുകൾ വഴി വിപണനം ചെയ്യുന്നു.

| | |
|---|---|
| സി) വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത യൂണിറ്റുകൾ പുന സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ; | സി) വന വികാസ ഏജൻസികളുടെ മേൽ നോട്ടത്തിൽ വന വിഭവ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കു പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നിർവഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുനസംഘടിപ്പിച്ചു വരുന്നു. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) 1) വനശ്രീ യൂണിറ്റുകളുടെ മേൽ നോട്ടത്തിനായി വന വികാസ ഏജൻസികളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.<br>2) സംസ്ഥന വന വികാസ ഏജൻസിയുടെ കീഴിൽ "വനശ്രീ സെല്ലിന്റെ" പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.<br>3) പ്രവർത്തന ഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വന വികാസ ഏജൻസിയിൽ "റിവോൾവിംഗ് ഫണ്ട്" രൂപീകരിച്ചു.<br>4) ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യബോർഡിന്റെ സഹായത്തോടെ 114.029 ലക്ഷം രൂപയുടെ പദ്ധതി 2008 09 മുതൽ നടപ്പാക്കി. 214 ലക്ഷം രൂപയുടെ ഒരു പദ്ധതി 2014 15 ൽ നടപ്പാക്കി വരുന്നു.<br>5) വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പാക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റു വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കൺസൾട്ടന്റിനെ ഏർപ്പെടുത്തുവാൻ |

തീരുമാനിച്ചു. വന വിഭവ ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.

6) വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.
7) വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു.

സെക്ഷൻ ഓഫീസർ